കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

തൂണേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നമ്പർ. കെ.എസ്.എ.കെ.കെ.ഡി.പി.17/352/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഫോൺ 0495 2371012

തീയതി 29.03.2019.
d.ksad@kerala.gov.ine-mail:dokk

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൂണേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തൂണേരി ഗ്രാമപഞ്ചായത്ത് – 2017- 18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നമ്പർ. കെ.എസ്.എ.കെ.കെ.ഡി.പി.17/352/2019 തീയതി 29.03.2019.

## കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ ഉണേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 15/08/2017 മുതൽ 18/01/2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമലതപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് മാവേലി പുത്തൻവീട്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01/03/2019 മുതൽ<br>12/03/2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബാലകൃഷ്ണൻ കെ.എം,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയകുമാർ പാലോളി<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഇന്ദുകല സി.വി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ശ്രീജിത് കെ.വി,<br>ഓഡിറ്റർ |

സി) നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | സതീഷ്ബാബു. പി.കെ. | 01/04/2017മുതൽ<br>22/06/2017 വരെ |
| | സജിത്കുമാർ. ഇ.പി.<br>(ഇൻ ചാർജ്ജ്) | 23/06/2017 മുതൽ |

| | | |
|---|---|---|
| | | 14/07/2017 വരെ |
| | അനിൽകുമാർ. കെ. | 15/07/2017 മുതൽ 31/03/2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | സജിത്കുമാർ. ഇ.പി. | 01/04/2017മുതൽ 14/07/2017 വരെ |
| | മനോജ്കുമാർ കിഴക്കെപാട്ട് | 15/07/2017 മുതൽ 20/01/2018 വരെ |
| | ആർ. ഗോപിനാഥൻ | 21/01/2018 മുതൽ 31/03/2018 വരെ |
| കൃഷി ഓഫീസർ | വി.കെ.ഇബ്രായി | 01/04/2017മുതൽ 31/03/2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സുനിത. പി.കെ. | 01/04/2017മുതൽ 18/04/2017 വരെ |
| | അബ്ദുൾമനാഫ് ടി.എം. | 19/04/2017 മുതൽ 26/09/2017 വരെ |
| | ഉമാദേവി. കെ | 27/09/2017 മുതൽ 07/11/2017 വരെ |
| | അബ്ദുൾറനീഷ്. പി. | 08/11/2017 മുതൽ 31/03/2018 വരെ |
| വെറ്ററിനറി സർജൻ | സുനിൽകുമാർ. കെ.പി. | 01/04/2017 മുതൽ 02/07/2017 വരെ |
| | വിനോദ്കുമാർ. പി. | 03/07/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അബ്ദുൾസലാം. എസ്. | 01/04/2017മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സൗമ്യവതി. എൻ.കെ. | 01/04/2017മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. കെ.ടി.വിജയലക്ഷ്മി | 01/04/2017മുതൽ 16/07/2017 വരെ |
| | ഡോ. രേഖ. സി.എൻ | 17/07/2017മുതൽ 31/03/2018 വരെ |
| വി.ഇ.ഒ. | നിസാദ്. പി.എം | 01/04/2017മുതൽ 31/03/2018 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | കൗസല്യ. ബി.കെ. | 01/04/2017മുതൽ 30/11/2017 വരെ |
| | ഗിരിജ കുന്നമ്മൽ | 01/12/2017 മുതൽ 10/12/2017 വരെ |
| | ബിന്ദു ടി.സി. | 11/12/2017 മുതൽ 31/03/2018 വരെ |
| ഹെഡ്മാസ്റ്റർ | സി.ഭാസ്കരൻ. | 01/04/2017മുതൽ 31/03/2018 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം-1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | തൊഴിൽ നികുതി- ഡിമാന്റ് പൂർണ്ണമല്ല. | 2-1 |
| 14 | ഡി&ഒ-ട്രേഡേഴ്സ് ലിസ്റ്റ് ഇല്ല. | 2-2 |
| 15 | വസ്തു നികുതി- അപാകതകൾ | 2-3 |
| 16 | കെട്ടിട നിർമ്മാണ നിയന്ത്രണം- അപാകതകൾ | 2-4 |
| | ഭാഗം-3<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | പൊതുമരാമത്ത് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 3-1 |
| 18 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ- | 3-2 |

| | | |
|---|---|---|
| 19 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- വാങ്ങലുകൾ ലാഭകരം | 3-3 |
| 20 | ടെണ്ടർ ഓഫർ പരിഗണിക്കാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങി. | 3-4 |
| 21 | വി.ഇ.ഒ- രേഖകൾ ഹാജരാക്കിയില്ല | 3-5 |
| 22 | യൂണിവേഴ്സിറ്റി റജിസ്ട്രേഷൻ രേഖ ഹാജരാക്കാതെ ലാപ്ടോപ്പ് നൽകി | 3-6 |
| 23 | തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടത്തുന്നതിനായി രൂപീകരിച്ച പദ്ധതികളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയില്ല. | 3-7 |
| 24 | പ്രതിഭകളായ കുട്ടികൾക്ക് പ്രത്യേക പരിശീലനവും ഉപഹാരവും നൽകൽ | 3-8 |
| 25 | കാൻസർ കെയർ പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-9 |
| 26 | പാലിന് സബ്സിഡി - സബ്സിഡി തുക ക്ഷീര കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന് രേഖകളില്ല | 3-10 |
| 27 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - അപാകതകൾ | 3-11 |
| 28 | S.S.A.വിഹിതം അടവാക്കൽ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-12 |
| 29 | വനിതാ വികസനം, സാമൂഹിക നീതി മേഖല -ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ | 3-13 |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 30 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 33 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപം | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 37 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

24/03/2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2017 | 30/05/2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 19/06/2018 മുതൽ 20/06/2018 വരെ | ഇ2/1111/2018(62)തീ.09/07/2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6189673.25 |
| വരവ് | 46167852.00 |
| ആകെ | 52357525.25 |
| ചെലവ് | 49475726.00 |
| നീക്കിയിരിപ്പ് | 2881799.25 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 11169000 | 11169000 | 10098608 | 1070392 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 755538 | 755538 | 755538 | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 7410000 | 7410000 | 7410000 | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 2591000 | 2591000 | 2215562 | 375438 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 5304458 | 5304458 | 5304458 | - |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | 800000 | 800000 | 800000 | - |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 21593302 | 21593302 | 21593302 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 43981.50 | 959735 | 1003716.50 | 957462 | 46254.50 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | - | 717500 | 717500 | 517500 | 200000 |
| | ജില്ലാ പഞ്ചായത്ത് | - | 647500 | 647500 | 416250 | 231250 |
| ബി ഫണ്ട് | | - | 37361965 | 37361965 | 37361965 | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 143 | 44369728 | 123 | 32120616 | - | 20 | 86 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 43981.50 | 959735.00 | 1003716.50 | 957462.00 | 46254.50 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 21593303 | 21593303 | 21593303 | - |
| | 43981.50 | 22553037 | 22597018.50 | 22550764 | 46254.50 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ
വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 78120.00 | 155 |
| കർഷകതൊഴിലാളി പെൻഷൻ | 7813200.00 | 696 |
| വിധവാപെൻഷൻ | 9610500.00 | 835 |
| വാർദ്ധക്യകാലപെൻഷൻ | 16305000.00 | 1347 |
| വികലാംഗപെൻഷൻ | 3059400.00 | 262 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 383200.00 | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06/03/2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24612/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിലെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണ്.സാധനങ്ങളുടെ വാങ്ങൽ നടപടികളിൽ സൂക്ഷ്മത പാലിച്ചിട്ടുണ്ട്. എങ്കിലും പരിഹരിക്കപ്പെടേണ്ട ചില അപാകതകൾ താഴെ കൊടുക്കുന്നു.

ട്രേഡേഴസ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട/വ്യാപാര സ്ഥാപനങ്ങളും ലൈസൻസെടുക്കുന്നു എന്നുറപ്പാക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ കുറ്റമറ്റ രീതിയിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. പദ്ധതികളുടെ നടത്തിപ്പ്/പുരോഗതി/പൂർത്തീകരണം എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് ചെയ്യുന്നില്ല. ഓഡിറ്റ് വർഷം വർക്കിംഗ് ഗ്രൂപ്പുകൾ വർഷത്തിൽ രണ്ടു തവണ മാത്രമാണ് യോഗം ചേർന്നതായി കാണുന്നത്.

ജീവനക്കാർ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ തീർപ്പ് മേലുദ്യോഗസ്ഥർ പരിശോധിക്കുന്നതിന് രേഖകളില്ല.

പേർസണൽ രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ മേലുദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല. വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/11/2018 | 10/2018 | 14/11/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02/08/2018 മുതൽ 14/08/2018 വരെ | 2013-14 മുതൽ 2017-18 വരെ | 14/09/2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1) വിവിധ വരവിനങ്ങളുടെ കൃത്യത പരിശോധിക്കാൻ മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) സഞ്ചയപ്രകാരം വസ്തുനികുതി അഡ്വാൻസ് കളക്ഷൻ ഇനത്തിൽ 14107 രൂപ വരവുണ്ടെങ്കിലും വാർഷിക കണക്കിൽ ആർ.പി-36 ൽ ബന്ധപ്പെട്ട ശീർഷകത്തിൽ പ്രസ്തുത തുക ഉൾപ്പെടുന്നില്ല. ബാലൻസ് ഷീറ്റിൽ ബി-9 ഷെഡ്യൂളിൽ അഡ്വാൻസ് കളക്ഷൻ പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ 13362 രൂപയാണ് കാണിച്ചിട്ടുള്ളത്.

3) മാർക്കറ്റ് വരവിനത്തിൽ ഇൻകം& എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 16200 രൂപ ഡിമാന്റ് കാണിച്ചിട്ടുണ്ടെങ്കിലും റസീറ്റ് & പേയ്മെന്റ് പ്രകാരം 7600 രൂപയാണ് വരവ് കാണിച്ചിട്ടുള്ളത്. ബാക്കി തുക കളക്ട് ചെയ്യാൻ ബാലൻസുള്ളതായി പത്രികയിൽ കാണിച്ചിട്ടില്ല. മുൻവർഷത്തെ ബാലൻസ്ഷീറ്റിൽ അഡ്വാൻസ് കളക്ഷൻ ഇനത്തിലും മേൽ തുക കളക്ട് ചെയ്യതായി കാണിച്ചിട്ടില്ല.

4) ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5)ബാലൻസ്ഷീറ്റിലെ ബി-11ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6)പാർട്ട്ബിൽ ആയി നൽകുന്ന തുകകൾ കാപ്പിറ്റൽ വർക്ക്ഇൻ പ്രോഗ്രസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് ആയത് ആസ്തിയിലേക്ക് വരവ് വെച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

7) ഡെപ്പോസിറ്റ് പ്രവൃത്തികൾക്കു വേണ്ടി വാട്ടർ അതോറിറ്റിക്ക് തൻവർഷം നൽകിയ തുകകൾ റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും ബാലൻസ്ഷീറ്റിലും ഉൾപ്പെടുത്തിയിട്ടില്ല.

8) ബാങ്ക് ബുക്ക് പ്രകാരം ട്രഷറി ടി.എസ്.ബി, ട്രഷറി സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടുകളിൽ നെഗറ്റീവ് ബാലൻസാണ് കാണിച്ചിട്ടുള്ളത്.

9) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ഗ്രാന്റ്സ് ഫോർ സ്പെസിഫിക് പർപസ് എന്ന ശീർഷകത്തിൽ നീക്കിയിരിപ്പായി 369177 രൂപയാണ് കാണിച്ചിട്ടുള്ളത്.എന്നാൽ ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ 359377 രൂപയാണ് ബാലൻസായി കാണിച്ചിട്ടുള്ളത്.

10) അദർ ഫീസിനത്തിൽ രജിസ്റ്റർ പ്രകാരം 9679 രൂപയാണ് വരവ് കാണിച്ചതെങ്കിലും വാർഷിക കണക്കിൽ റസീറ്റ്&പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത ഹെഡിൽ 9729 രൂപയാണ് വരവ് കാണിച്ചിട്ടുള്ളത്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി- ഡിമാന്റ് പൂർണ്ണമല്ല.

2017-18 വർഷത്തിൽ തൊഴിൽ നികുതി പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ വാർഷിക ധനകാര്യ പത്രിക, എന്നിവ പരിശോധിച്ചതിൽ നിന്നും സ്ഥാപനം 2017-18 വർഷത്തേക്ക് ഡിമാന്റ് ആയി നിശ്ചയിച്ച തുക പ്രസ്തുത ഇനത്തിലുള്ള വരവിന് ആനുപാതികമായി ക്രമീകരിച്ചതാണെന്ന് ഓഡിറ്റിന് വ്യക്തമായിട്ടുണ്ട്. അപാകത സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കച്ചവടക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഇക്കാരണത്താൽ പ്രസ്തുത ഇനത്തിലെ ഡിമാന്റ് , കളക്ഷൻ എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. വാർഷിക കണക്ക് പ്രകാരം 181575 രൂപയാണ് 2017-18 ലെ ഡിമാന്റ് തുക. ഡി&ഒ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2017-18 ൽ 223 പേർക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അത്രയും പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാതെ ഒഴിവാക്കിയവർക്ക് സ്ഥാപനം 1996 ലെ കേരള

പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10 പ്രകാരമുള്ള ഫോറം 4 ൽ നോട്ടീസ് നൽകുകയോ റിട്ടേൺ വാങ്ങുകയോ ചെയ്തിട്ടില്ല. ഡി & ഒ ലൈസൻസ് അനുവദിച്ച മുഴുവൻ കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ സ്ഥാപനം ശ്രദ്ധ ചെലുത്തുന്നില്ലെന്ന് മേൽ വസ്തുതകളിൽ നിന്നും വ്യക്തമാണ്. ഒന്നോ അതിലധികമോ ജീവനക്കാരുള്ള സ്ഥാപനങ്ങളുടെ ഉടമകളിൽ നിന്നും റിട്ടേണുകൾ ലഭ്യമാക്കി നോട്ടീസ് നൽകി തൊഴിൽ നികുതിയുടെ വരുമാന പരിധിയിൽ ഉൾപ്പെടുന്നവ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും സ്ഥാപനത്തിന് സാധിച്ചിട്ടില്ല. ലൈസൻസ് അപേക്ഷക്കൊപ്പം ഹാജരാക്കുന്ന വാടക കരാർ പരിശോധിച്ചതിൽ വ്യക്തികൾ പഞ്ചായത്ത് പരിധിയിൽ താമസിച്ച് കെട്ടിടങ്ങൾ വാടകക്ക് നൽകി വരുമാനം ആർജ്ജിക്കുന്നുണ്ടെന്ന് കാണുന്നു. മേൽ വ്യക്തികൾക്ക് നോട്ടീസ് നൽകി റിട്ടേൺ വാങ്ങി തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനും സ്ഥാപനത്തിന് സാധിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിലെ റേഷൻ ഡീലർമാർ, കരാറുകാർ എന്നിവരും ഡിമാന്റ് ചെയ്യപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി മുതൽ 205 എഫ് വരെയുള്ള നടപടിക്രമങ്ങൾ പാലിച്ച് തൊഴിലുടമകൾ, കെട്ടിട ഉടമകൾ, ആഫീസ് മേധാവികൾ എന്നിവരോട് വിവരങ്ങളും രേഖകളും ആവശ്യപ്പെടുന്നതിലുണ്ടായ വീഴ്ചയാണ് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളുടെ പരിധിയിൽ വരുന്ന മുഴുവൻ വ്യക്തികളിൽ നിന്നും തൊഴിൽ ഈടാക്കുന്നതിന് സ്ഥാപനത്തിന് തടസ്സമായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥാപനത്തിന് നികുതി-നികുതിയേതര ഇനത്തിൽ ലഭ്യമാവേണ്ട വരവിനങ്ങൾ പൂർണ്ണമായും കൃത്യതയോടെയും ഡിമാന്റ് ചെയ്യപ്പെട്ടു എന്ന് ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ആയത് നിർവ്വഹിക്കുന്നതിലുണ്ടായ വീഴ്ചകളും മേൽ പരാമർശിച്ച അപാകതക്ക്കാരണമായിട്ടുണ്ട്.

<u>സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ</u>

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി മുതൽ 205 എഫ് വരെയും സെക്ഷൻ 204 – (1) പ്രകാരവുമുള്ള നടപടിക്രമങ്ങൾ ഉറപ്പ് വരുത്തി ഡിമാന്റ് പൂർണ്ണമാക്കേണ്ടതാണ്. ഡിമാന്റിന്റെ സമഗ്രത ഉറപ്പാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലാപരമായ പങ്ക് വഹിക്കേണ്ടതാണ്.

## 2-2 ഡി&ഒ-ട്രേഡേഴ്സ് ലിസ്റ്റ് ഇല്ല.

2017-18 വർഷത്തിൽ ഡി&ഒ ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഷിക ധനകാര്യ പത്രിക പ്രകാരം 2017-18 ൽ 60700 രൂപയാണ് ഡി&ഒ ലൈസൻസ് ഫീ ഇനത്തിൽ സ്ഥാപനം ഡിമാന്റായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനം ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വരവിനനുസൃതമായി ഡിമാന്റ് തയ്യാറാക്കിയതാണെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. സഞ്ചയ റിപ്പോർട്ട് പ്രകാരം 1108 വാണിജ്യ-വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിലുണ്ട്. എന്നാൽ 223 വാണിജ്യ സ്ഥാപനങ്ങൾ മാത്രമെ ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ. സംസ്ഥാന പാത കടന്ന് പോകുന്ന ഗ്രാമപഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങളിൽ 80 ശതമാനത്തോളം ഒഴിഞ്ഞ് കിടക്കുകയാണോ എന്നത് സ്ഥാപനം ഉറപ്പ് വരുത്തിയിട്ടില്ല.
2. ലൈസൻസ് ഫീ നിശ്ചയിക്കേണ്ടത് വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണെന്നിരിക്കെ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ അപേക്ഷയിൽ രേഖപ്പെടുത്തിയ വിറ്റുവരവ് തുകയുടെ കൃത്യത പരിശോധനാ വിധേയമാക്കുന്നില്ല. ഉദാ- ലൈസൻസ് ക്രമ നം- 10, സിറ്റി പേൾ പെട്രോളിയം എന്ന സ്ഥാപനത്തിന്റെ അപേക്ഷയിൽ ദിവസേനയുള്ള വിറ്റുവരവായി രേഖപ്പെടുത്തിയിട്ടുള്ളത് 5000 രൂപ മാത്രമാണ്. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കപ്പെട്ടിട്ടില്ല.
3. സ്ഥാപന പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫോറം 2 ലുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. (1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരമുള്ളത്). 1999 ലെ കേരള

പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഫോറം നം. 2 ലുള്ള രജിസ്റ്ററും സ്ഥാപനത്തിൽ തയ്യാറാക്കി സംരക്ഷിക്കുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് , കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1108 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും , ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

## 2-3 വസ്തു നികുതി- അപാകതകൾ

2017-18 വർഷത്തിൽ വസ്തുനികുതി കുടിശ്ശിക രഹിതമായി പിരിച്ചെടുക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം, നികുതി നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്. എന്നാൽ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഒരൊറ്റ ഉപയോഗ ക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് സ്ഥാപനം നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി ഈടാക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ (സ.ഉ.(അച്ചടി).നം.88/2013/ത.സ്വ.ഭ.വ തീയതി.13.03.2013) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമിതിക്ക് ഇറ്റാലിയൻ മാർബിളോ ഗ്രാനൈറ്റോ പോലുള്ള വസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻ മേൽ വരുത്തേണ്ട15% വർദ്ധനയും വരുത്താൻ സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിനു 60/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഒരൊറ്റ ഉപയോഗക്രമമുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിനു വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

ശ്രീമതി. സാറ, പറമ്പത്ത്, താനക്കോട്ടൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള 718.24 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഓരോ മുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ നൽകി 257.56 ച.മീ ഒഴികെയുള്ള ഭാഗത്തിന് 100 ച.മീ താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി കണക്കാക്കിയിരിക്കുന്നത്. (അതായത് 460.68 ച.മീ ന് 40 രൂപ നിരക്കിലും 20 % വർദ്ധനവിലും ആകെ 22112 രൂപയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ 60 രൂപ നിരക്കിൽ ആകെ 33169 രൂപ ഈടാക്കേണ്ടിയിരുന്നു). ശ്രീ. ചന്ദ്രൻ, നന്തോത്ത് (ഫയൽ നം- എ3-278/17 തീ. 25.01.2017 ) എന്നവരുടെ അപേക്ഷയിന്മേലുള്ള വസ്തുനികുതി നിർണ്ണയത്തിലും സമാനമായ അപാകത സംഭവിച്ചിട്ടുണ്ട്. വാർഡ് 7 ലെ 1എ മുതൽ 1എഫ് വരെയുള്ള തറനിലയിലെ മുറികൾക്ക് (മുറികളുടെ ആകെ തറവിസ്തീർണ്ണം) പ്രത്യേകം നമ്പർ നൽകി 100 ച.മീ താഴെയുള്ള വാണിജ്യ കെട്ടിടങ്ങളായി പരിഗണിച്ച് 40

രൂപ നിരക്കിൽ നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. എന്നാൽ പ്രസ്തുത മുറികൾ ഒരൊറ്റ ഉപയോഗ ക്രമത്തിലും ഒരേ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുമായാണ് ഉപയോഗിക്കപ്പെടുന്നതെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് 2 മേലുള്ള സൈറ്റ് പരിശോധനാ റിപ്പോർട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചട്ടം തെറ്റായി വ്യാഖ്യാനിച്ച് തെറ്റായ നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തുന്നത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മേൽ ഉദാഹരണങ്ങളെ മുൻനിർത്തി സമാന അപാകതയുള്ള നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. 24.02.2015 ലെ 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം വിവിധ ഉപയോഗക്രമങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്കുകൾ ഭരണ സമിതി നിശ്ചയിക്കുകയോ വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല, എന്നാൽ പ്രസ്തുത വിഭാഗങ്ങളുടെ നിരക്കുകൾ സഞ്ചയയിൽ രേഖപ്പെടുത്തിയതായി കാണുന്നു

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

- കെട്ടിടത്തിന് ബാധകമായ ഉപയോഗക്രമവും നികുതി നിരക്കും തെറ്റായി രേഖപ്പെടുത്തിയത് മൂലം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. ചട്ടവിരുദ്ധമായി ഒരേ ഉപയോഗക്രമത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ അനുവദിക്കുമ്പോൾ ഒരു കെട്ടിടം എന്ന രീതിയിൽ പരിഗണിക്കാതെ ഒരോ കെട്ടിടനമ്പറിനും ബാധകമായ വിസ്തീർണ്ണത്തിനനുസരിച്ചാണ് ഉപയോഗക്രമവും നികുതി നിരക്കും നിശ്ചയിക്കുന്നത്. പ്രായോഗിക പ്രശ്നങ്ങളെ മുൻനിർത്തി ഇപ്രകാരം ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുമ്പോൾ ഉപയോഗക്രമം മുഴുവൻ കെട്ടിടത്തിന് ബാധകമായ രീതിയിൽ കണക്കാക്കി സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം തെറ്റായ രീതിയിൽ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തുനികുതി പരിഷ്കരണം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
- 24.02.2015 തീയതിയിലെ 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നികുതി നിരക്കുകൾ ഭരണസമിതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. ആയതിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തേണ്ടതാണ്.
- വസ്തുനികുതി ഇ-പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തിയത് സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രചരണം നടത്തി ഭാവിയിൽ നികുതി പിരിവിന് കുറഞ്ഞ മനുഷ്യവിഭവ ശേഷി മാത്രം ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണ നിയന്ത്രണം- അപാകതകൾ

കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട ഫയലുകൾ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫീൽഡ് തലത്തിലുള്ള പരിശോധന കാര്യക്ഷമമല്ല.

2017-18 ൽ ആകെ ലഭിച്ച 124 അപേക്ഷകളിൽ 54 എണ്ണവും ക്രമവത്കരണത്തിനുള്ളതാണ്. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ടപ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് വ്യക്തമായി പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. ചട്ടം 137 (3) പ്രകാരം ക്രമവത്കരണത്തിന് രജിസ്റ്റർ തയ്യാറാക്കി പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പ്രത്യേകം നിരീക്ഷിച്ചിട്ടില്ല.ഓഡിറ്റ് വർഷത്തിൽ പെർമിറ്റില്ലാതെ നിർമ്മാണം

പൂർത്തിയാക്കിയ 54 കെട്ടിടങ്ങളിൽ ഒന്ന് പോലും നിർമ്മാണ വേളയിൽ ഫീൽഡ് പരിശോധനാ ചുമതലയുള്ള ജീവനക്കാരാൽ റിപ്പോർട്ട് ചെയ്യപ്പെട്ടില്ല എന്നത് കെട്ടിട നിർമ്മാണ നിയന്ത്രണ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തി എന്നതിന്റെ സൂചകമാണ്.

2. പരിധിയിൽ അധികരിച്ച വ്യാപ്തിയുള്ള കെട്ടിടം ക്രമവത്കരിച്ചു

എ3-4295/17, തീയതി.18.09.2017 നമ്പറായുള്ള ബാലകൃഷ്ണൻ മാസ്റ്റർ, സൗപർണിക, പേരോട് , ഉണേരി എന്നവരുടെ വിദ്യഭ്യാസ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ നമ്പറിനുള്ള അപേക്ഷയിൽ 5/468 A നമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിടം ക്രമവത്കരിച്ച് നൽകിയിട്ടുണ്ട്. വിദ്യഭ്യാസ ആവശ്യത്തിനുള്ള കെട്ടിടമായി പരിഗണിച്ച് നികുതി നിർണ്ണയം നടത്തിയ കെട്ടിടത്തിന്റെ വ്യാപ്തി 42.12 % ആയാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഓവർസിയറുടെ പരിശോധനാ റിപ്പോർട്ടിലും 42.12 % ആണ് കവറേജ് രേഖപ്പെടുത്തിയിട്ടുള്ളത്.2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 35 പ്രകാരം ബി-ഗണത്തിലുള്ള വിദ്യഭ്യാസാവശ്യ കെട്ടിടത്തിന് അനുവദനീയമായ 35 ശതമാനത്തിൽ അധികരിച്ച വ്യാപ്തിയുണ്ടായിരുന്നിട്ടും കെട്ടിട നമ്പർ അനുവദിച്ച് ക്രമവത്കരിച്ചതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3. യഥാർത്ഥ തറവിസ്തീർണ്ണം രേഖപ്പെടുത്താതെ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് നമ്പർ അനുവദിച്ചു.

എ3-278/17, തീയതി.25.01.2017 നമ്പറായുള്ള ചന്ദ്രൻ, നന്തോത്ത് എന്നവരുടെ കെട്ടിട ക്രമവത്കരണ , പൂർത്തീകരണ അപേക്ഷയിൽ 512.04 ച.മീ ആണ് ആകെ തറവിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടുള്ളത്.(തറ നില- 155.98, ഒന്നാം നില- 178.03, രണ്ടാം നില- 178.03 )13.12.2010 ലെ 154/2010-11 പെർമിറ്റ് പ്രകാരം 404.32 ച.മീ നാണ് നിർമ്മാണ അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പെർമിറ്റ് 12.12.2016 വരെ പ്രാബല്യതീയതി പുതുക്കി നൽകിയിട്ടുണ്ട്.കാർപെറ്റ് ഏരിയ 409.6 ഉള്ള കെട്ടിടത്തിന് 3 കാർ പാർക്കിംഗ് സൗകര്യം മാത്രമാണ് അപേക്ഷ പ്രകാരം സമർപ്പിച്ച പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കാറ്റഗറി II ൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കെട്ടിടത്തിന്2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 38 പ്രകാരം 5 കാർ പാർക്കിംഗുകൾ ആവശ്യമുണ്ട്. ഇരു ചക്ര വാഹനങ്ങൾക്കുള്ള പാർക്കിംഗ്, ഭിന്നശേഷിക്കാർക്കുള്ള പാർക്കിംഗ് (ചട്ടം-104 ) എന്നിവയും സൈറ്റിൽ ലഭ്യമല്ല. തരം നഞ്ച രേഖപ്പെടുത്തിയ ഭൂമിയിലാണ് വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. നഞ്ച ഭൂമിയിൽ 2008 ന് മുൻപുള്ള മരങ്ങൾ ഉണ്ട് എന്ന് സ്ഥാപിക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിച്ച ഫോട്ടോകളിൽ നിന്നും രണ്ടാം നിലയിൽ178.03 ച.മീ നിർമ്മാണം നടന്നിട്ടുണ്ടെന്നത് വ്യക്തമാണ്. എന്നാൽ 25.01.2017 ലെ പൂർത്തീകരണ അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് 19.01.2018 ന് സമർപ്പിക്കപ്പെട്ട അപേക്ഷയിലെ ആകെ തറവിസ്തീർണ്ണം 347.56 മാത്രമാണ്. അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് ചെയ്ത ഓവർസിയർ കെട്ടിടത്തിന്റെ വിസ്തീർണ്ണം 347.56 ആണെന്ന് സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ച് കെട്ടിടത്തിന് നമ്പർ അനുവദിച്ചതായി കാണുന്നു. 25.01.2017 തീയതിയിൽ 512.04 ച.മീ വിസ്തീർണ്ണം രേഖപ്പെടുത്തി പൂർത്തീകരണത്തിനായി അപേക്ഷ സമർപ്പിക്കപ്പെട്ട കെട്ടിടം 19.01.2018 ലെ അപേക്ഷയിൽ 347.56 ച.മീ വിസ്തീർണ്ണത്തിലേക്ക് ചുരുങ്ങിയതിന്റെ കാരണം പരിശോധിക്കപ്പെട്ടിട്ടില്ല. പരിശോധന നടത്തിയ ഓവർസിയർ കെട്ടിടത്തിന്റെ രണ്ടാം നിലയുടെ വിസ്തീർണ്ണം 13.55 ച.മീ എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അവ്യക്തത നീക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്മേൽ സൈറ്റ് പരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം512.04 ആണെന്നും രണ്ടാം നിലയിലെ വിസ്തർണ്ണം 178.03 ച.മീ ആണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചട്ട പ്രകാരം ആവശ്യമായ പാർക്കിംഗ് ഇല്ലെന്ന അപാകത മറികടക്കുന്നതിനായി കെട്ടിട ഉടമ യഥാർത്ഥ വിസ്തീർണ്ണം കുറച്ച് കാണിച്ച് സ്ഥാപനത്തെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ രേഖകൾ ചമച്ച എൽ,ബി,എസ്, ഉടമ, അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ എന്നിവരിൽ നിന്നും വിശദീകരണം തേടേണ്ടതും കെട്ടിടത്തെ അനധികൃത കെട്ടിടമായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുമരാമത്ത് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1-പ്രവൃത്തിമൂല്യത്തേക്കാൾ അധികം തുക കരാറുകാർക്ക് നൽകി.

തൻവർഷത്തെ പൊതുമരാമത്ത് പ്രവൃത്തികളിൽ എംബുക്ക് പ്രകാരം രേഖപ്പെടുത്തിയ പ്രവൃത്തി മൂല്യത്തേക്കാൾ അധികം തുക ബിൽ പ്രകാരം പിൻവലിച്ച് കരാറുകാർക്ക് നൽകിയതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്/പ്രോജക്ട് നം. | അടങ്കൽ | പ്രവൃത്തിമൂല്യം | ചെലവ് തുക | അധികം നൽകിയത് |
|---|---|---|---|---|
| ബാലവാടി മഠത്തിൽമുക്ക് റോഡ് ടാറിംഗ് 134/18 | 450000 | 449130 | 450000 | 870 |
| തയ്യുള്ളതിൽമുക്ക് പെരുളിമുക്ക് റോഡ് ടാറിംഗ് 120/18 | 400000 | 399482 | 400000 | 518 |
| വണ്ണാറത്ത് മുക്ക് കല്ലാച്ചേരി റോഡ്ടാറിംഗ് 98/18 | 350000 | 349120 | 350000 | 880 |
| വല്ലൂർതാഴെ പുത്തലത്ത്മുക്ക് റോഡ്ടാറിംഗ് 118/18 | 550000 | 549509 | 550000 | 491 |
| അമ്പലത്തിങ്കൽമുക്ക് കൊയിലോത്ത്മുക്ക് റോഡ് 96/18 | 360000 | 359410 | 360000 | 590 |
| ചെക്കായിമുക്ക്തുമ്പോളിറോഡ്.94/18 | 200000 | 183758 | 200000 | 1727 |
| മൊട്ടവയൽമുക്ക് ചന്തന്റവിടമുക്ക്റോഡ് ടാറിംഗ് 93/17-18 | 350000 | 349547 | 350000 | 453 |
| തിരിക്കാന്റവിട മുക്ക് മുതുവന മുക്ക് റോഡ് | 250000 | 249601 | 250000 | 399 |

മേൽ ബില്ലുകൾ തയ്യാറാക്കിയപ്പോൾ എം ബുക്ക് പ്രകാരമുള്ള പ്രവൃത്തിമൂല്ല്യത്തിന്റെ കൂടെ 3% തുക GST Compensation കൂട്ടി തുക കണക്കാക്കിയതിനുശേഷം എസ്റ്റിമേറ്റിൽ ലിമിറ്റ് ചെയ്തതാണ് മേൽ പ്രവൃത്തികളിൽ കരാറുകാരന് അധിക തുക നൽകാനിടയായത്. പ്രവൃത്തി മൂല്യത്തേക്കാൾ അധികം നൽകിയതുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2-സെക്യൂരിറ്റിഡെപ്പോസിറ്റ് ഈടാക്കിയില്ല.

പ്രോജക്ട് നം-23/18

അടങ്കൽ- 370000

മാഞ്ചാംകണ്ടിനെല്ലിമുക്ക് റോഡ് പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ പ്രവത്തിക്കായി എസ്റ്റിമേറ്റ് നിരക്കിൽ കരാറിൽ ഏർപ്പെട്ട കരാറുകാരനായ ശ്രീ.ഷാജി.സി യിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

3-പൊതുമരാമത്ത് പ്രവൃത്തി ഫയലുകളിൽ ആവശ്യമായ രേഖകൾ ഇല്ല.

തൻ വർഷം ഒരുപ്രവൃത്തി ഒഴികെ ബാക്കി എല്ലാ പൊതുമരാമത്ത്പ്രവൃത്തികളും ക്വട്ടേഷൻ പ്രകാരമാണ്

കരാറുകാരെ ഏൽപ്പിച്ചത്. കരാറുകാരുമായി എസ്റ്റിമേറ്റ് നിരക്കിൽ കരാ റിൽ ഏർപ്പെട്ടതല്ലാതെ കരാറുകാർ സമർപ്പിച്ച ക്വട്ടേഷൻ, കരാറുകാരനെ തീരുമാനിച്ച വിവരം സെലക്ഷൻ ലെറ്റർ, സൈറ്റ് കൈമാറിയ വിവരങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4-സെക്യൂരിറ്റി ഡെപ്പോസിറ്റായി സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നു.

പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാർവയ്ക്കുമ്പോൾ കരാറുകാർ എസ്റ്റിമേറ്റ് തുകയുടെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. മേൽ തുകയുടെ 50% വരുന്ന തുക ട്രഷറിഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റായും ബാക്കി 50% തുകയ്ക്ക് നാഷണലൈസ്ഡ് ബാങ്ക്/ഷെഡ്യൂൾഡ് ബാങ്ക് എന്നിവയിൽ നിന്നുള്ള സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റോ ആണ് സ്വീകരിക്കേണ്ടത്. തൻ വർഷം ഭൂരിഭാഗം പൊതുമരാമത്ത് പ്രവൃത്തികളിലും സെക്യൂരിറ്റി ഡെപ്പോസിറ്റായി ചെക്കിയാട് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ നിന്നുമുള്ള സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളാണ് സ്വീകരിച്ചിട്ടുള്ളത്.

5-മെറ്റൽ ചെയ്ത റോഡുകളിൽ തൊട്ടടുത്തവർഷം തന്നെ ടാറിംഗ് നടത്താത്തതിനാൽ അധികചെലവ് വന്നു.

മുൻ വർഷങ്ങളിൽ മെറ്റൽ ചെയ്ത റോഡുകളിൽ ടാറിംഗ് പ്രവൃത്തിനടത്തുമ്പോൾ സബ് ബേസ് തയ്യാറാക്കലിനുപുറമേ മുൻപ് മെറ്റൽ ചെയ്ത ഭാഗങ്ങളിൽ മെറ്റലിംഗ് വാഷ്ഡ് ഔട്ട് ആയ ഭാഗങ്ങളിൽ പാച്ച് വർക്കിനായി പ്രവൃത്തി നടത്തിയതായി കാണുന്നു. മെറ്റൽ ചെയ്ത റോഡുകളിൽ തുടർ പ്രവൃത്തി നടത്തുന്നതിൽ വന്ന കാലതാമസമാണ് ഇത്തരത്തിൽ അധിക ചെലവ് വരുന്നതിനിടയാക്കിയത്. ഉദാഹരണം താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ തുക | എം ബുക്ക് പ്രകാരം സബ് ബേസ് തയ്യാറാക്കലിനുള്ള ചെലവ് | ഇതിൽ പാച്ച് വർക്കിന് വന്ന അധികചെലവ് |
|---|---|---|---|
| വയൽകുനി പുന്നോളി റോഡ് ടാറിംഗ്<br>പ്രോജക്ട്-122/18 | 300000 | 46.130 എം ക്യൂബ് @ 3089.51<br>= 142519 | 4.51 എം ക്യൂബ് @ 3089.51<br>= 13933.69 |
| പുത്തൻപുരയിൽമുക്ക് ഗുരിക്കൾപൊയിൽ മുക്ക് റോഡ് | 280000 | 43.800<br>എം ക്യൂബ് @ 3089.51<br>= 135320.54 | 5.62 എം ക്യൂബ് @ 3089.51<br>= 17363.04 |

6-കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിനായി ഉപയോഗിക്കാത്തതിനാൽ നഷ്ടം

പ്രോജക്ട്-112/8

ചെറുവട്ടായി ക്ഷേത്രം റോഡ് നിർമ്മാണം

അടങ്കൽ- 400000/-

ചെലവ്-398451/-

കരാറുകാരൻ-ഹമീദ്.കെ.

പ്രവൃത്തി പരിശോധിച്ചതിൽ എം.ബുക്ക് (നം-127/17-18) പ്രകാരം ഐറ്റം നമ്പർ ഒന്ന് ആയി സൈഡ് വാൾ ആന്റ് ഫോർമേഷൻ ആയി 7.20എംക്യൂബ് കുഴിച്ചെടുത്തമണ്ണ് ഉണ്ട്. ഐറ്റം നമ്പർ നാല് ആയി 50 ക്യൂബിക്

മീറ്റർ ഫില്ലിംഗ് ഉൾപ്പെടെ സബ് ഗ്രേഡ് ആന്റ് എർത്തൻ ഷോൾഡർ പ്രവൃത്തയായി 78.05 എംക്യൂബ് മണ്ണ് ഉപയോഗിച്ചിട്ടുമുണ്ട്. എന്നാൽ കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിനായി ഉപയോഗ യോഗ്യമല്ല എന്ന് എ.ഇ. എം.ബുക്കിൽ സാക്ഷ്യപ്പെടുത്തുകയോ ഫൗണ്ടേഷൻ തയ്യാറാക്കുന്നതിനായി കുഴിച്ചെടുത്ത 7.20എംക്യൂബ് മണ്ണ് ഫില്ലിങ്ങിൽ കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല.ഇത് കാരണം 3193/- രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട് (7.20 x 443.37 = 3193).

7-പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2017-18 ലെ പൊതുമരാമത്ത് പദ്ധതി രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങൾ പരിശോധിച്ചതിൽ പ്രസ്തുത കാലയളവിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല. പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെങ്കിലും പൊതുമരാമത്ത് പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തുകയോ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലുണ്ടായ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. അധികം നൽകിയ തുക ഇടാക്കേണ്ടതുമാണ്.

## 3-2 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ-

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാർഷികമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1-എല്ലാവീട്ടിലും പച്ചക്കറി- വാങ്ങിയ മുഴുവൻ വിത്തുകളും വിതരണം ചെയ്തില്ല.

പ്രോജക്ട് നം-56/17

അടങ്കൽ -225000 (വികസന ഫണ്ട്)

ചെലവ് -225000 (ബിൽ നമ്പർ 4/17-18 , തീയതി 16.01.2018)

45000 വീടുകളിൽ 2 സെന്റ് വീതമുള്ള അടുക്കളതോട്ടം തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നിർമ്മിക്കുക, വീടുകളിൽ വിഷരഹിത പച്ചക്കറി എല്ലായ്പ്പോഴും ലഭ്യമാക്കുക എന്ന ലക്ഷ്യത്തിനാണ് പ്രോജക്ട് നടപ്പാക്കിയത്. ഇതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ വി.എഫ്.പി.സി.കെ ആലത്തൂരിൽ നിന്നും ക്രഡിറ്റ് ബിൽ നം-17-18/1511തീയ്യതി 28-11-17 പ്രകാരം 50 രൂപ വിലയുള്ള 4500 കിറ്റ് പച്ചക്കറിവിത്തുകൾവാങ്ങിച്ചിട്ടുണ്ട്. പദ്ധതിക്കായി ഭരണ സമിതി അംഗീകരിച്ച നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ആകെ 637 പേർ മാത്രമാണ് ഉള്ളത്.വാങ്ങിയ വിത്തുകളുടെ വിതരണം പരിശോധിച്ചതിൽ പഞ്ചായത്തിലെ 15 വാർഡുകളിലെ മെമ്പർമാർക്ക് 250 വീതം ആകെ 3750 വിത്ത് കിറ്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറിയിട്ടുണ്ട്. ബാക്കി 750 വിത്തുകിറ്റുകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ഓരോ മെമ്പർമാർക്കും 12500രൂപയുടെ വിത്തുകൾ വിതരണത്തിന് നൽകിയിട്ടുണ്ടെങ്കിലും ആർക്കൊക്കെയാണ് വിത്ത് വിതരണം നടത്തിയിരിക്കുന്നത് എന്നതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ എത്ര ഗുണഭോക്താക്കൾ പദ്ധതിക്കായി തയ്യാറാണ് എന്നത് പരിഗണിക്കാതെ 4500 പായ്ക്കറ്റ് വിത്തുകൾ മുൻകൂറായി വാങ്ങിയതായാണ് മേൽ വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നത്. നടീൽ വസ്തുക്കളും വിത്തുകളും നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ മെമ്പർമാർ മുഖാന്തിരം വിതരണം ചെയ്തത് ക്രമപ്രകാരമല്ല. കൂടാതെ മേൽ വിത്തുകൾ വിതരണം നടത്തിയതിന്റെ രേഖകളോ പദ്ധതിനിർവ്വഹണം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിഗ് റിപ്പോർട്ടോ ഹാജരാക്കാത്തത് വിത്ത് വിതരണത്തിന്റെ കാര്യക്ഷമതയും, പദ്ധതി ഫലപ്രാപ്തിയും വെളിവാക്കുന്നില്ല. ആയതിനാൽ മെമ്പർമാർ കൈപ്പറ്റിയ 3750 പായ്ക്കറ്റ് വിത്തുകളുടെ വിതരണ വിവരം ലഭ്യമാക്കേണ്ടതാണ്. മെമ്പർമാർ കൈപ്പറ്റിയ വിത്തുകളുടെ വിലയായ 187500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 750 പായ്ക്കറ്റ് വിത്തുകളുടെ വില 37500/-രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2-നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി- കൃഷിചെയ്ത നിലത്തിന്റെ വിസ്തൃതിക്ക് ആനുപാതികമല്ലാതെ സബ്സിഡി അനുവദിച്ചു.

പ്രോജക്ട് നം- 47/18

അടങ്കൽ- 340000(170000 വികസനഫണ്ട്, 85000- ബ്ളോക്ക് പഞ്ചായത്തവിഹിതം,
ചെക്ക് നമ്പർ 2971944/തീയതി 14.03.2018 തുക 170000/- രൂപ

ചെലവ്-340000 (170000 ബിൽ നമ്പർ 8/23.02.2018)

സബ്സിഡി മാർഗ്ഗരേഖപ്രകാരം നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡിനിരക്കിന്റെ ഉയർന്ന പരിധി ഹെക്ടറിന് 17000/-രൂപയാണ്. മേൽ ആനുകൂല്യം ഭൂവിസ്തൃതിക്ക് ആനുപാതികമായി പാട്ടകൃഷി ഉൾപ്പെടെ എല്ലാ ചെറുകിട നാമമാത്ര കർഷകർക്കും നൽകാം. തൻ വർഷം മേൽ ആനുകൂല്യം നൽകിയവരുടെ അപേക്ഷ പരിശോധിച്ചതിൽ കൃഷിചെയ്തതായി അപേക്ഷാഫോറത്തിൽ രേഖപ്പെടുത്തിയ സ്ഥലവിസ്തൃതിക്ക് ആനുപാതികമായല്ലാതെ കർഷകർക്ക് സബ്സിഡി അനുവദിച്ചതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അപേക്ഷ പ്രകാരം കൃഷിചെയ്ത നിലത്തിന്റെ വിസ്തൃതി | അനുവദിച്ച സബ്സിഡി.(വികസനഫണ്ട്,ബ്ളോക്ക്-ജില്ലാപഞ്ചായത്ത് വിഹിതം ഉൾപ്പെടെ). |
|---|---|---|
| സുബിത | 10 സെന്റ് | 3400 |
| ഫൗസിയ | 13സെന്റ് | 3400 |
| നിർമ്മല | 10സെന്റ് | 3400 |
| രാജൻ.പി.ടി.കെ | 2 സെന്റ് | 3400 |
| ബാലൻ | 10സെന്റ് | 3400 |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക 340000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-തെങ്ങ് കൃഷി വികസനംപ്രോജക്ട് -തെങ്ങിൻ തൈകൾക്ക് അനുവദനീയമായതിലും അധികം നിരക്കിൽ സബ്സിഡിനൽകി.

പ്രോജക്ട് നം- 44/18.

15000 തെങ്ങുകൾക്ക് 3.5 കിലോവീതം ജൈവവളം 75%സബ്സിഡിനിരക്കിലും. രോഗംബാധിച്ച് നശിച്ച 1000 തെങ്ങുകൾ വെട്ടിമാറ്റി പകരം തൈകൾ നടുകയും ചെയ്യുക എന്നിവയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി കർഷകർ നേരിട്ട് വാങ്ങിയ ജൈവവളത്തിന്റെ വിലയുടെ 75% മായ 920962 രൂപയും, കർഷകർ വെട്ടിമാറ്റിയ 1000 തെങ്ങുകൾക്ക് ഒന്നിന് 500 രൂപ നിരക്കിൽ 648 ഗുണഭോക്താക്കൾക്ക് 500000/- രൂപയും നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വെട്ടിമാറ്റിയ തെങ്ങുകൾക്ക് പകരം തൈ നൽകുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാകൃഷിഫാം കൂത്താളിയിൽ നിന്നും ഇൻവോയ്സ് നം-69/2017-18 തീയ്യതി 17-7-17 പ്രകാരം 75 രൂപ വിലയുള്ള 1000 തെങ്ങിൻ തൈകൾക്കായി 75000/- രൂപ ചെലവഴിച്ചിട്ടുമുണ്ട്. മേൽ തുകയിൽ 60000 രൂപ (ബിൽ നമ്പർ 7/09.02.2018) പ്ലാൻഫണ്ടും 15000 രൂപ (ചെക്ക് നമ്പർ 1592234 തീയതി 14.03.2018) കർഷകരിൽ നിന്നും കളക്ട് ചെയ്ത ഗുണഭോക്തൃവിഹിതവുമായിട്ടാണ് ചെലവഴിച്ചത്. സബ്സിഡി മാർഗ്ഗരേഖപ്രകാരം തെങ്ങിൻ തൈകൾക്ക് നൽകാവുന്ന പരമാവധി സബ്സഡി വിലയുടെ 75% മാണ്. ആയതിനാൽ ഒരു തെങ്ങിൻ തൈയ്ക്ക് 3.75 രൂപ പ്രകാരം ആകെ 3750/- രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് അധികം നൽകിയിട്ടുണ്ട്. ആയത് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

4-ജലസേചനത്തിന് പമ്പ് സെറ്റ് - കൃഷിചെയ്യുന്നസ്ഥലത്തിന്റെ വിവരങ്ങൾ ഇല്ല.

പ്രോജക്ട് നം-55/18

അടങ്കൽ-174575/-

ചെലവ്-174575/-

പഞ്ചായത്തിലെ 20 സെന്റോ അതിൽ കൂടുതലോ സ്ഥലത്ത് കൃഷിചെയ്യുന്ന കർഷകർക്ക് പമ്പ് സെറ്റ് 50% സബ്സിഡി നിരക്കിൽ (പരമാവധി 6000) നൽകുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്. പദ്ധതിയിൽ 30 പേർക്ക് പമ്പ്സെറ്റ് വാങ്ങിയതിന് ആകെ 174575 രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. മേൽ ധനസഹായം നൽകിയവരിൽ പ്രഭാകരൻ നമ്പൂതിരി, പോക്കർ, ടി,ജാനകൃഷ്ണൻ, രാധ, ഹാജറ.ഒ.വി, ചന്ദ്രൻ എന്നീ ഗുണഭോക്താക്കൾ അപേക്ഷയിൽ കൃഷിചെയ്യുന്ന ഭൂവിസ്തൃതി രേഖപ്പെടുത്തുകയോ, നികുതിശീട്ടിന്റെ പകർപ്പ് ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ പദ്ധതി നടത്തിപ്പിൽ കാർഷികാവശ്യവും സാധ്യതയും സംബന്ധിച്ച കൃഷിഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം മേൽ ധനസഹായം നൽകേണ്ടത് എന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

5-കാർഷികമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ടില്ല.

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ് എന്ന് പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിക്കുന്നു. ഓഡിറ്റ് വർഷം ടി നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ആയതിനാൽ മോണിറ്ററിംഗ് കമ്മിറ്റികൾ യോഗംചേർന്ന മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്.

## 3-3 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- വാങ്ങലുകൾ ലാഭകരം

2017-18 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ 99/18 നമ്പറായുള്ള 'നിലവിലുള്ള സ്ട്രീറ്റ് ലൈനിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ ' എന്ന പദ്ധതി മുഖേന 18 വാട്ടിന്റെ എൽ.ഇ.ഡി (സാധാരണം) ബൾബുകളും 100/18 നമ്പറായുള്ള നിലവിലുള്ള സ്ട്രീറ്റ് ലൈറ്റിൽ സി.എഫ്.എൽ മാറ്റി എൽ.ഇ.ഡി സ്ഥാപിക്കൽ എന്ന പദ്ധതി മുഖേന 18 വാട്ടിന്റെ എൽ.ഇ.ഡി (ഓട്ടോമാറ്റിക്) ബൾബുകളും സ്ഥാപനം വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. സമയബന്ധിതമായി ടെണ്ടർ നടപടികൾ സ്വീകരിച്ചും ടെണ്ടറിൽ മത്സര സ്വഭാവം ഉറപ്പ് വരുത്തിയും തെരുവ് വിളക്ക് വാങ്ങൽ ലാഭകരമാക്കുന്നതിന് ഭരണസമിതി, പ്രക്യൂർമെന്റ് കമ്മിറ്റി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവർ കാര്യക്ഷമമായി ഇടപെടലുകൾ നടത്തിയതിനാലാണ് വാങ്ങലുകൾ ലാഭകരമാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടുള്ളത്. ടെണ്ടർ നിരക്കുകളിൽ നിന്നും നെഗോസിയേഷൻ നടത്തി ഓഫർ വിലയിലും കുറഞ്ഞ നിരക്കിൽ യഥാക്രമം 1000, 1250 രൂപ നിരക്കിലാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത് (എൽ.ഇ.ഡി ബൾബ്, അനുബന്ധ ഉപകരണങ്ങൾ, ഫിറ്റിംഗ് ചാർജ്ജ് എന്നിവ ഉൾപ്പെടെ). സാധനങ്ങൾ വിതരണം ചെയ്ത ഓവോണിക്, ന്യൂ മാഹി എന്ന സ്ഥാപനവുമായി കാലതാമസമില്ലാതെ കരാറിൽ ഏർപ്പെട്ട് വാറന്റി ഉറപ്പ് വരുത്തുന്നതിനും സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കുകയും കാലതാമസമില്ലാതെ പദ്ധതി നിർവ്വണം നടത്തി പൊതു ജനങ്ങൾക്ക് സേവനം ലഭ്യമാക്കുകയും ചെയ്ത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും അഭിനന്ദനം അർഹിക്കുന്നു. തെരുവ് വിളക്കുകളുടെ തുടർ പരിപാലനത്തിലും ഉത്തരവാദിത്തപൂർണ്ണമായ ഇടപെടൽ ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 3-4 ടെണ്ടർ ഓഫർ പരിഗണിക്കാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങി.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 ൽ 162/18 നമ്പറായി നിർവ്വഹണം നടത്തിയ ഓഫീസ് ആവശ്യാർത്ഥം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 162/18- ഓഫീസ് ആവശ്യാർത്ഥം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണ | സെക്രട്ടറി |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| അടങ്കൽ | 160000 |
| ചെലവ് | 154690 (ബിൽ നം- 26/17-18, തീ. 14.03.18) |

1. ആസൂത്രണത്തിലെ വീഴ്ചകൾ.

21.02.2017 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പദ്ധതി നിർദ്ദേശം ഉയർന്നു വന്നിരുന്നെങ്കിലും പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് 08.11.2017 നാണ്. പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭിക്കുന്നത് 15.11.2017 നുമാണ് . സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ തിരിച്ചറിഞ്ഞ ആവശ്യകത പരിഹരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിലുണ്ടായ കാലതാമസം മൂലം 4 മാസത്തെ സമയം മാത്രമാണ് പദ്ധതി നിർവ്വഹണത്തിന് ലഭ്യമായുള്ളൂ.പ്രൊജക്റ്റ് ഫോറങ്ങൾ വർക്കിംഗ് ഗ്രൂപ്പ് എഴുതി തയ്യാറാക്കിയതായി കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ സുലേഖ മുഖേന തയ്യാറാക്കിയ പദ്ധതി ഫോറത്തിൽ വാങ്ങൽ രീതി വ്യക്തമാക്കിയിട്ടില്ല. എന്നാൽ 01.12.2017 ന് ടെണ്ടർ അപേക്ഷ ക്ഷണിക്കുകയും ഇ-പ്ലാനറ്റ്, ചൊക്ലി എന്ന സ്ഥാപനം ടെണ്ടർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ടെണ്ടർ സ്ഥാപനം അംഗീകരിച്ചതായി കാണുന്നില്ല. എന്നാൽ 06.01.2018 ന് റീ ടെണ്ടർ നടപടി സ്വീകരിക്കുകയും പിന്നീട് 21.02.2018 ന് കെൽട്രോണിൽ നിന്നും 3 കമ്പ്യൂട്ടറുകളും 1 പ്രിന്ററും നേരിട്ട് വാങ്ങുകയായിരുന്നു.

2. ടെണ്ടർ പരസ്യത്തിൽ അവ്യക്തത.

ടെണ്ടർ പരസ്യത്തിനൊപ്പം വിജ്ഞാപനം ചെയ്ത സ്പെസിഫിക്കേഷനിൽ (ഐ.ടി. മിഷൻ തയ്യാറാക്കിയതിന്റെ പകർപ്പ് ) ഓപ്പറേറ്റിംഗ് സിസ്റ്റം ഏതാണെന്നത് വ്യക്തമാക്കിയിട്ടില്ല.

3. നേരിട്ട് വാങ്ങിയത് ലാഭകരമായില്ല

ടെണ്ടറിൽ പങ്കെടുത്ത ഇ-പ്ലാനറ്റ്, ചൊക്ലി എന്ന സ്ഥാപനം ഓപ്പറേറ്റിംഗ് സിസ്റ്റം ഉൾപ്പെടെ ഒരു കമ്പ്യൂട്ടറിന് 36500 രൂപയും പ്രിന്ററിന് 13500 രൂപയുമാണ് ഓഫർ ചെയ്തിട്ടുള്ളത്. കെൽട്രോണിൽ നിന്നും 46500 രൂപ നിരക്കിൽ കമ്പ്യൂട്ടറുകളും 15190 രൂപ നിരക്കിൽ പ്രിന്ററും നേരിട്ട് വാങ്ങുകയാണുണ്ടായത്. ഇത് ടെണ്ടർ ഓഫറിനേക്കാൾ യഥാക്രമം 10000, 1690 രൂപ അധികമാണ്. കെൽട്രോൺ നിർമ്മിച്ച കമ്പ്യൂട്ടറുകളോ പ്രിന്ററുകളോ അല്ല സ്ഥാപനത്തിൽ വിതരണം ചെയ്തിട്ടുള്ളത്. ഇ-പ്ലാനറ്റ്, ചൊക്ലി എന്ന സ്ഥാപനത്തിന്റെ സ്പെസിഫിക്കേഷനേക്കാൾ കുറഞ്ഞ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകളാണ് കെൽട്രോൺ വിതരണം ചെയ്തിട്ടുള്ളത്. (ഇ-പ്ലാനറ്റ് 1 ടി.ബി ഹാർഡ് ഡിസ്കും ഇന്റൽ ഐ3-7th ജനറേഷൻ പ്രൊസസറും ആണ് ഓഫർ ചെയ്തിട്ടുള്ളത്, കെൽട്രോൺ വിതരണം ചെയ്ത കമ്പ്യൂട്ടറുകളിൽ 500 ജി.ബി ഹാർഡ് ഡിസ്കും ഇന്റൽ ഐ3 പ്രൊസസറും ആണ് ഉള്ളത്)

4. സർക്കാർ ഉത്തരവിന് വിരുദ്ധമായി കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.12.2016 തീയതിയിലെ സ.ഉ(സാധാ) നം.3299/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനങ്ങൾ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവക്ക് മാത്രമായി പരിമിതിപ്പെടുത്തുകയും അല്ലാതെ ഉള്ള ഉത്പന്നങ്ങൾ പരസ്യ ടെണ്ടർ നടപടിയിലൂടെ വാങ്ങണമെന്നും വ്യക്തമാക്കിയിട്ടുള്ളത്. ആയതിന് വിരുദ്ധമായാണ് സ്വകാര്യ കമ്പനിയുടെ ഉത്പന്നങ്ങൾ കെൽട്രോൺ മുഖേന സ്ഥാപനം നേരിട്ട് വാങ്ങിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് സമയത്ത് വാങ്ങലുകൾ ലാഭകരമായിരുന്നു എന്ന് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 വി.ഇ.ഒ- രേഖകൾ ഹാജരാക്കിയില്ല

2017-18 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന

പദ്ധതികളുടെ നിർവ്വഹണം, ചെലവ് എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 7/18 | ആശ്രയ ഭവന പദ്ധതി | 4,00,000 | 3,25,000 |
| 8/18 | വ്യക്തിഗത കിണർ നിർമ്മാണം | 85,000 | 51,000 |
| 76/18 | PMAY ഗ്രാമ പഞ്ചായത്ത് വിഹിതം | 60,000 | 60,000 |
| 77/18 | ആശ്രയ ഭവന പദ്ധതി | 5,00,000 | 3,86,336 |
| 78/18 | കിണർ റീചാർജിംഗ് | 8,00,000 | 2,00,000 |
| 79/18 | വീട് പുനരുദ്ധാരണം (പട്ടിക ജാതി) | 1,50,000 | 75,000 |
| 91/18 | സംസ്കരണ സ്ഥലത്തേക്ക് മാലിന്യങ്ങൾ കൊണ്ടുപോകൽ | 1,70,000 | 1,69,800 |
| 163/18 | ലൈഫ് ഭവന പദ്ധതി പൂർത്തീകരിക്കാത്ത വീടിന് ഫണ്ട് അനുവദിക്കൽ | 40,000 | 40,000 |
| 167/18 | ബ്ലോക്ക് വിഹിതം ഐ.എ.വൈ ഗുണഭോക്താക്കൾക്ക് എസ്.സി വിഭാഗത്തിന് നൽകുന്നത് | 1,50,000 | 1,50,000 |
| | | 2355000 | 14,57,136 |

രേഖകൾ ഹാജരാക്കുന്നതിനായി 08.03.2019തീയതിയിൽ വി.ഇ.ഒ-യ്ക്ക് ഓഡിറ്റ് റിക്വസിഷൻ നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതി ചെലവുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ ഹാജരാക്കുന്നതിനു പകരം ഏതാനും പദ്ധതികളുടെ ബില്ലുകൾ മാത്രം ഹാജരാക്കി. ചെലവ് സാധൂകരിക്കുന്നതിനാവശ്യമായ ക്യാഷ് ബുക്ക്, ട്രഷറി ബിൽ ബുക്ക്, പ്രൊജക്ട് രജിസ്റ്റർ, സബ്സിഡയറി രജിസ്റ്റർ, കരാറുകൾ, വൗച്ചറുകൾ, സബ് വൗച്ചറുകൾ, എന്നിവയൊന്നും ഹാജരാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. മേൽനോട്ട സമിതിയായി പ്രവർത്തിക്കേണ്ട സ്റ്റാൻഡിംഗ് കമ്മറ്റി ഇതുമായി ബന്ധപ്പെട്ട നടപടി സ്വീകരിച്ചതായി കാണുന്നില്ല. മേൽ പറഞ്ഞ പദ്ധതികളുമായി ബന്ധപ്പെട്ട വിതരണ രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവുതുകയായ 14,57,136/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 യൂണിവേഴ്സിറ്റി റജിസ്ട്രേഷൻ രേഖ ഹാജരാക്കാതെ ലാപ്പ്ടോപ്പ് നൽകി

പ്രൊജക്ട് : എസ്സ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്
പ്രൊജക്ട് നം : 72/18
നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ : 90,000 (വികസനഫണ്ട്(എസ്.സി.പി) )
ചെലവ് : 83,385/- (14/17-18 തീ. 26.03.2018)

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ എന്ന പദ്ധതി പ്രകാരം 83,385 രൂപ ചെലവഴിച്ച് 3വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി വിതരണം ചെയ്തു. ലാപ്പ്ടോപ്പ് കൈപ്പറ്റിയ വിദ്യാർത്ഥികളിൽ ശ്രീ.അഭിനവ്. സി. കെ, ശ്രീ നാരായണ കോളജ്, വടകരയിൽ B.Com കമ്പ്യൂട്ടർ അപ്ലിക്കേഷൻ വിദ്യാർത്ഥിയാണ്. സർക്കാർ ഉത്തരവ് (M S)നം 80/17 തസ്വഭവ തിയ്യതി 3/4/17 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 11.8 പ്രകാരം പാരലൽ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി റജിസ്ട്രേഷൻ രേഖ ഹാജരാക്കിയാൽ മാത്രമെ ലാപ്പ്ടോപ്പ് അനുവദിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള രേഖ ഹാജരാക്കാതെയാണ്

ശ്രീ.അഭിനവ്. സി.കെ-യ്ക്ക് ലാപ്പ്ടോപ്പ് അനുവദിച്ചിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(19/17-18 തീ. 11.03.2019) മറുപടി ലഭ്യമാക്കിയില്ല. അപാകത ആവർത്തിക്കാതിരിക്കുന്നതിനായി ശ്രദ്ധിക്കേണ്ടതാണ്.

## 3-7 തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടത്തുന്നതിനായി രൂപീകരിച്ച പദ്ധതികളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയില്ല.

കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തെങ്ങുകൃഷിവികസനം (പ്രോജക്ട്നം-44/8, അടങ്കൽ-1807949), എല്ലാ വീടുകളിലും പച്ചക്കറി (പ്രോജക്ട് നം-56/18, അടങ്കൽ -225000) എന്നീ രണ്ട് പദ്ധതികളും തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന തരത്തിലാണ് രൂപീകരിച്ചിരിക്കുന്നത്.

എന്നാൽ 2017-18 വർഷത്തെ തൊഴിലുറപ്പ് പദ്ധതി വാർഷിക കർമ്മപദ്ധതി, ആസ്തി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ തൻവർഷം മേൽ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പദ്ധതികളൊന്നും തന്നെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയതായോ നടപ്പാക്കിയതായോ കാണുന്നില്ല. 13ാം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കാർഷിക പദ്ധതികൾ രൂപീകരിക്കുമ്പോൾ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ട് വകയിരുത്തി നടപ്പാക്കുന്ന പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പിലാക്കുന്നത് വഴി പദ്ധതികളുടെ കാര്യക്ഷമവും വിജയകരവുമായ നടത്തിപ്പ് സാധ്യമാകും എന്നിരിക്കെ ഇത്തരം പദ്ധതികൾ വാർഷികകർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് ഊന്നൽ നൽകേണ്ടതാണ്.

## 3-8 പ്രതിഭകളായ കുട്ടികൾക്ക് പ്രത്യേക പരിശീലനവും ഉപഹാരവും നൽകൽ

| | |
|---|---|
| പ്രൊജക്ട് നം. | : 58/18 |
| നിർവ്വഹണം | : ഹെഡ് മാസ്റ്റർ |
| വകയിരുത്തിയ തുക | : 12,970/-(വികസനഫണ്ട്(ജനറൽ)) |
| ചെലവ് | : 12,970/-(2/17-18 തീ. 22.09.2017) |

ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കുള്ള പരിശീലനം, ആദരിക്കൽ എന്നിവയ്ക്കായാണ് തുക വകയിരുത്തിയിരിട്ടുള്ളത്. എന്നാൽ എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പിന് അർഹരായവർ എസ്.എസ്.എൽ.സി, പ്ലസ് ടു ഉന്നത വിജയം നേടിയവർ എന്നിവരെ ആദരിക്കുന്നതിനായി 67 മെമന്റോ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്.

സ.ഉ. (എം.എസ്) 80/2017/ത.സ്വ.ഭ.വ. തീ. 03.04.2017 ഖ. 12.7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, സമ്മേളനങ്ങൾ, ആദരിക്കൽ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല.

04.11.2017 ൽ നടന്ന വിദ്യാഭ്യാസം, കല, സംസ്കാരം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ,പദ്ധതിക്ക് ഓഡിറ്റ് തടസ്സം ഉൾപ്പടെയുള്ള സാങ്കേതിക തടസ്സങ്ങൾ നേരിടുന്നതിനാൽ പ്രസ്തുത പദ്ധതികൾ ഭേദഗതി ചെയ്ത് നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഭരണസമിതിയോട് അഭ്യർത്ഥിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. തുടർനടപടിയുടെ വിവരമില്ല. എന്നാൽ ഈ യോഗത്തിനു മുമ്പെ തന്നെ പദ്ധതി തുക ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിനാൽ ഇതിനായി ചെലവഴിച്ച 12,970/- രൂപ നിരാകരിക്കുന്നു.

## 3-9 കാൻസർ കെയർ പഞ്ചായത്ത് വിഹിതം നൽകൽ– വിനിയോഗ വിവരം

ലഭ്യമാക്കിയില്ല

പ്രൊജക്ട് നം. : 61/18

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (PHC)

വകയിരുത്തിയ തുക : 1,00,000/-(വികസനഫണ്ട് (ജനറൽ))

ചെലവ് : 1,00,000/-(ബിൽ നം. 1/17-18 തീ. 19.08.2017)

ക്യാൻസർ കെയർ പദ്ധതിയ്ക്ക് വേണ്ടി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതാണ് മേൽ തുക. എന്നാൽ എന്ത് അടിസ്ഥാനത്തിലാണ് തുക കൈമാറിയതെന്നോ തുക ഏതാവശ്യത്തിലേക്കാണ് വിനിയോഗിച്ചത് എന്നത് സംബന്ധിച്ച വിവരമില്ല. ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറുന്നതിന് അടിസ്ഥാനമാക്കിയ ഉത്തരവ്/പദ്ധതി സംബന്ധിച്ച വിവരം, തുക കൈപ്പറ്റിയതിന്റെ വിവരം, തുക വിനിയോഗിച്ചതിന്റെ വിവരം എന്നിവ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/2017-18 തീ. 07.03.2019)മറുപടി, വിനിയോഗവിവരം എന്നിവ ലഭ്യമാക്കിയില്ല. തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 ൽ പ്രൊജക്ടിനായി 7ഗ്രാമപഞ്ചായത്തുകളുടെ വിഹിതമായി 1 ലക്ഷം രൂപ വീതം 7 ലക്ഷം രൂപ വകയിരുത്തിയതിൽ ആറ് സ്ഥാപനങ്ങൾ തുക നല്കിയിരുന്നു. ഇതിൽ നിന്നും 533067/- രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളു എന്നും, ബാക്കി തുക 66933/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കാതെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ് എന്നും പരാമർശിക്കുന്നുണ്ട്. ആയതിനാൽ വിശദമായ വിനിയോഗ വിവരം ഹാജരാക്കേണ്ടതും, വിനിയോഗിക്കാതെ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-10 പാലിന് സബ്സിഡി - സബ്സിഡി തുക ക്ഷീര കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന് രേഖകളില്ല

പ്രൊജക്ട് നം. : 42/18

നിർവ്വഹണം : വെറ്ററിനറി സർജൻ

ക്ഷീരസംഘത്തിൽ പാൽ നൽകുന്ന ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് അവർ നൽകുന്ന പാലിന്റെ അളവിന് ആനുപാതികമായി 3/- രൂപ നിരക്കിൽ ഇൻസന്റീവ് അനുവദിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ 1,25,000/- രൂപ വികസനഫണ്ടും, ബ്ലോക്ക് വിഹിതം 2,00,000/- രൂപയും ഉൾപ്പടെ 3,25,000/- രൂപയാണ് പദ്ധതി അടങ്കൽ. ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇതിനായി 3,25,000/- രൂപ ക്ഷീര സംഘങ്ങളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം | 1,25,000/- | 4/17-18 തീ. 16.02.2018 -1,01,007/- |
| | | 7/17-18 തീ. 18.03.2018 – 23,993/- |
| ബ്ലോക്ക് വിഹിതം | 2,00,000/- | 2971942/23.02.2018 – 1,77,627/- |
| | | 2971946/24.03.2018 -22373/- |

സബ്സിഡി ക്ഷീര കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി ക്ഷീര സംഘങ്ങൾക്ക് താഴെ കാണിച്ച പ്രകാരം തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷീര സംഘത്തിന്റെ പേര് | നൽകിയ തുക |
|---|---|
| വെള്ളൂർ ക്ഷീര സഹകരണ സംഘം | 85,981 |
| തൂണേരി ക്ഷീര സഹകരണ സംഘം | 1,60,955 |
| ആവോലം ക്ഷീര സഹകരണ സംഘം | 78,064 |

ഇതിൽ ആവോലം ക്ഷീരസംഘത്തിന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ ആകെ കൈമാറിയ 78064 രൂപയിൽ 24.03.2018 സംഘത്തിന് കൈമാറിയ 9,655/- രൂപ 31.03.2018 തീയതി വരെയും വരവ് വന്നതായി കണ്ടില്ല. മേൽപരാമർശിച്ച 3 സംഘങ്ങളിൽ തുണേരി ക്ഷീരസഹകരണം സംഘം മാത്രമാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകിയതിന്റെ വിവരം ഹാജരാക്കിയിട്ടുള്ളൂ. മറ്റ് രണ്ട് സംഘങ്ങളും തുക കൈമാറിയതിന്റെ വിവരം ഹാജരാക്കിയിട്ടില്ല.

മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട സമിതിയായി പ്രവർത്തിക്കേണ്ട സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയിൽ വാർഷിക പദ്ധതി നടത്തിപ്പിന്റെ എല്ലാ ഘട്ടങ്ങളിലും കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതാണ്. പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിനും ലക്ഷ്യം കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നതിനും, ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നതിനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ, മോണിറ്ററിംഗ് ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവർ ശ്രദ്ധിക്കേണ്ടതുമാണ്. 9655/- രൂപ ആവോലം ക്ഷീര സഹകരണ സംഘത്തിന്റെ അക്കൗണ്ടിൽ വരവ് വെച്ച വിവരം, സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയതിന്റെ വിവരം എന്നിവ അറിയിക്കേണ്ടതുമാണ്. രേഖകളുടെ അഭാവത്തിൽ വെള്ളൂർ, ആവോലം ക്ഷീര സഹകരണ സംഘങ്ങൾക്ക് കൈമാറിയ 164045/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-11 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - അപാകതകൾ

പ്രൊജക്ട് നം. : S0073/18

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 95,580/-(വികസന ഫണ്ട് (എസ്.സി.പി))

4,470/-(തനത് ഫണ്ട്)

ചെലവ് : 95,580/-(11/17-18 തീ. 27.02.2018)

ഗ്രാമ പഞ്ചായത്തിലെ വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ച് തുക ചെലവഴിച്ചിരിക്കുന്നത്. ഒരു കട്ടിലിന് 4350/- രൂപ നിരക്കിൽ 95,580 രൂപ ചെലവഴിച്ച് 23 കട്ടിലുകൾ ചോയിസ് ഫർണ്ണിച്ചർ ഇൻഡസ്ട്രീസ്, കടലുണ്ടിയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. 23 കട്ടിലുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വിതരണ ലിസ്റ്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകത കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ശ്രീമതി. ജാനു, മാരാം വീട്ടിൽ | ഹാജരാക്കിയ റേഷൻകാർഡ് പ്രകാരം ഇവരുടെ മകൻ ശ്രീ. സുരേഷ് സംസ്ഥാന സർക്കാർ ജീവനക്കാരനാണ്. (റേഷൻ കാർഡ് നം. 2161061972) |

സ.ഉ.(എം.എസ്)80/2017/തസ്വഭവ തീ. 03.04.2017ഖ.2.15(i) പ്രകാരം സർക്കാർ /അർദ്ധസർക്കാർ /എയ്ഡഡ്/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, പെൻഷണർ/ഫാമിലി പെൻഷണർ എന്നിവരിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബത്തെ ജനറൽ 1 ലക്ഷം/പട്ടികജാതി 2 ലക്ഷം രൂപയിൽ കുറവ് വരുമാനമുള്ളവരായി കണക്കാക്കാവുന്നതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. അപേക്ഷകളിൽ മതിയായ പരിശോധന നടത്താതെ ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതും ആനുകൂല്യത്തിനായി ചെലവഴിച്ച 4350/- രൂപ ഈടാക്കേണ്ടതുമാണ്.

## 3-12 S.S.A.വിഹിതം അടവാക്കൽ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി എസ്.എസ്.എ.വിഹിതം അടവാക്കുന്നതിന് താഴെപ്പറയുന്ന പ്രൊജക്ട് പ്രകാരം 3,00,000/- രൂപ പിൻവലിച്ച് ജില്ലാ പ്രൊജക്ട് ഓഫീസർ S.S.A. കോഴിക്കോടിന്

നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ. തിയ്യതി |
|---|---|---|---|
| 88/18 .എസ്.എസ്.എ വിഹിതം അടവാക്കൽ | 3,00,000/- വികസന ഫണ്ട് (ജനറൽ) 5,00,000 (തനത്ഫണ്ട്) | 3,00,000 | 1/17-18 തീ. 27.07.2017 |

എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്ത് തലത്തിലുള്ള വിദ്യാലയങ്ങളിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന വിനിയോഗ സർട്ടിഫിക്കറ്റ് (2016-17 വർഷത്തേത് ഉൾപ്പടെ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സ.ഉ (എം.എസ്)നം.72/2017/ത.സ്വ.ഭ. വ29.03.2017 അനുബന്ധം ഖ. 12.9(3) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി വകയിരുത്തേണ്ടതാണെന്നും. , എസ്.എസ്.എ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യമായ നടപടികൾ നിർവഹണ ഉദ്യോഗസ്ഥൻ കൈകൊള്ളുകയോ,അടവാക്കിയ തുകക്ക് വിനിയോഗ വിവരം ലഭിക്കാത്തത് സംബന്ധിച്ച്, മേൽനോട്ട ചുമതലയുള്ള ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി, മോണിറ്ററിംഗ് കമ്മറ്റി, എന്നിവ ചർച്ചചെയ്ത് ആവശ്യമായ നടപടികൾ കൈകൊള്ളുകയോ ചെയ്തിട്ടില്ല.

വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, ഓഡിറ്റ് വർഷത്തിൽ എസ്.എസ്.എ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദമായ റിപ്പോർട്ട് മോണിറ്ററിംഗ് സമിതി പരിശോധിച്ച് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

## 3-13 വനിതാ വികസനം, സാമൂഹികനീതി മേഖല -ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ

വനിതാ വികസനം, സാമൂഹിക നീതി, ശിശുക്ഷേമം ഉൾപ്പടെയുള്ള മേഖലകളിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ സാമ്പത്തികവർഷം 6 പ്രോജക്ടുകളാണ് നിർവ്വഹണം നടത്തിയത്. പദ്ധതി നിർവ്വഹണത്തിലും രേഖകൾ സൂക്ഷിക്കുന്നതിലും കണ്ട പ്രധാന അപാകതകൾ ഇതോടൊപ്പം ചേർക്കുന്നു.

1. അങ്കണവാടികളുടെ അടിസ്ഥാനസൗകര്യകുറവ് - പരിഹാര നടപടികൾ സ്വീകരിച്ചില്ല

സ.ഉ (എം.എസ്) 72/2017/ ത.സ്വ.ഭ.വ. തീ. 29-03-2017 പദ്ധതി മാർഗ്ഗരേഖ ഖ. 12.13.2(1)പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിവരങ്ങൾ(സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ അംഗൻവാടികൾ | 25 |
| സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 13 |
| വാടക കെട്ടിടത്തിൽപ്രവർത്തിക്കുന്നവ | 9 |
| വാടകേതരം | 3 |

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം അംഗൻവാടികൾക്ക് സ്ഥലം, കെട്ടിടം, അടിസ്ഥാന സൗകര്യം ഇല്ലായ്മ എന്നിവ ഈ മേഖലയിലെ ഗുരുതര പ്രശ്നങ്ങളായി പരാമർശിച്ചിട്ടുണ്ട്. 04.05.2017 ലെ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിൽ, അംഗൻവാടികൾക്ക് ചുറ്റുമതിൽ (49,50, 54, 58 എന്നീ സെന്ററുകൾ), അംഗൻവാടികൾക്ക് അറ്റകുറ്റപ്പണി (51, 55, 56, 57, 54, 59, 61, 63, 64, 65, 66, 67, 68, 139, 142 സെന്ററുകൾ), അംഗൻവാടികൾക്ക് കറന്റ് കണക്ഷൻ (52, 56, 62, 64, 139), ശൗചാലയം (54), അംഗൻവാടികൾക്ക് സ്ഥലം വാങ്ങാൻ ധനസഹായം (53,60, 140, 141, 155) എന്നീ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ തുടർന്ന് നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ (09.05.2017, 04.11.2017 (ഹാജർ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ), 08.2.2018) ഇത് നടപ്പിൽ വരുത്തിനുതകും വിധമുള്ള തുടർ ചർച്ചകളൊന്നും നടന്നിട്ടില്ല.

സാമൂഹ്യ ക്ഷേമ മേഖലയിലെ അംഗൻവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്(കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, പട്ടിക 3 പ്രകാരം). ഈ സാഹചര്യത്തിൽ അംഗൻവാടികൾക്ക് കെട്ടിടം, കുടിവെള്ള സൗകര്യം, വൈദ്യുതി കണക്ഷൻ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2017-18 വർഷത്തിൽ വനിതാ വികസനം, സാമൂഹിക നീതി മേഖലയിൽ നടപ്പാക്കിയ പദ്ധതികളിലെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

2. രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ, ഹാജരാക്കിയ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ രേഖകൾ സൂക്ഷിക്കുന്നതിലും വാങ്ങിയ ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കിലെടുക്കുന്നതിലും അപാകതയുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

i. ശിശുമന്ദിരം പോഷകാഹാരം (87/18) പദ്ധതിയിൽ, സ്ഥാപനത്തിലേക്കാവശ്യമായ ഭക്ഷ്യധാന്യങ്ങൾ വാങ്ങിയ ഇനത്തിൽ ആകെ 18739/- രൂപ (ബിൽ നം. 9/17-18 തീ. 27.02.2018-13,817/-; 7/17-18 തീ. 25.11.2017 – 4,922/-) സിവിൽ സപ്ലൈസ് കോർപ്പറേഷന് കീഴിലുള്ള സപ്ലൈകോ സൂപ്പർ മാർക്കറ്റ്, നാദാപുരം- ന് നൽകിയിട്ടുണ്ട്. എന്നാൽ മേൽ ബില്ല് പ്രകാരമുള്ള ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിൽ എടുത്തതിന്റെയോ, ശിശുമന്ദിരത്തിന് കൈമാറിയതിന്റെയോ രേഖകളോ ഹാജരാക്കിയില്ല. ശിശുമന്ദിരത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

ii. ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഭക്ഷണ വിതരണം(82/18) പദ്ധതിയിൽ, ചുവടെ ചേർത്ത തീയതികളിൽ വാങ്ങിയ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല.

| സാധനങ്ങൾ വാങ്ങിയ തീയതി | തുക | ബിൽ നം, തീയതി |
|---|---|---|
| 26.04.2017 | 15,244 | 3/17-18 തീ. 21.08.2017 (മാവേലി സ്റ്റോറിന് നൽകിയത്) |
| 11.08.2017 | 15,232 | |
| 31.10.2017 | 13,808 | 5/17-18 തീ. 25.11.2017 (സപ്ലൈകോ സൂപ്പർ മാർക്കറ്റ് ന് നൽകിയത്) |

ബഡ്സ് സ്കൂൾ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

iii. അംഗൻവാടി പൂരക പോഷകാഹാര പദ്ധതിയിൽ (62/18), 17.03.2017 ന് സിവിൽ സപ്ലൈസിൽ നിന്നും വാങ്ങിയ 66,707/- രൂപയുടെ ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കിലെടുത്തതിന് രേഖയില്ല.

iv. സിവിൽ സപ്ലൈസിൽ നിന്നും 11.08.2017 ൽ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിലെ അപാകത ചുവടെ ചേർക്കുന്നു.

| ബിൽ പ്രകാരം വാങ്ങിയ സാധനങ്ങൾ | സ്റ്റോക്ക്/വിതരണ രജിസ്റ്റർ പ്രകാരം | റിമാർക്സ് |
|---|---|---|

| ഇനം | അളവ് | | |
|---|---|---|---|
| കടല | 1210 kg | 1250 | 25 സെന്ററുകൾക്ക് 50kg നിരക്കിൽ വിതരണം ചെയ്തതായി രേഖപ്പെടുത്തി. |
| വൻപയർ | 1210 kg | 1250 | |

v. പ്രൊജക്ട് രജിസ്റ്റർ പൂർത്തിയാക്കിയില്ല.

3. ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്- അർഹമായ തുക നൽകുന്നില്ല

പ്രൊജക്ട് നം. : 36/18

ഗ്രാമപഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് നൽകുന്ന അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് ആനുപാതികമായി ഫണ്ട് വകയിരുത്താത്തതിനാലും, വകയിരുത്തിയതുക മുഴുവൻ ചെലവഴിക്കാത്തതിനാലും ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം പൂർണ്ണമായും വിതരണം ചെയ്ത് പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വകയിരുത്തിയ സ്ഥാപനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 1,25,000(വികസനഫണ്ട് ജനറൽ) | 1,25,000/-<br>11/17-18, തീ. 27.02.2018 |
| ബ്ലോക്ക് പഞ്ചായത്ത് | 62,500 | 62,500 (ചെക്ക് നം.ലഭ്യമായില്ല) |
| ജില്ലാ പഞ്ചായത്ത് | 62,500 | 31,250 ചെക്ക് നം.ലഭ്യമായില്ല |
| ആകെ | 2,50,000 | 2,18,750 |

34 പേർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആകെ വകയിരുത്തിയത് 2,50,000/- രൂപയാണ്. ചെലവ് 2,18,750/-രൂപയും സർക്കാർ ഉത്തരവ് നം 80/ 2017/തസ്വഭവ 03.04.2017ല 10.3.4(ബി)പ്രകാരം എല്ലാ ബത്തകളും, ഉല്ലാസ യാത്രാ ചെലവുകൾക്ക് നൽകുന്ന 1000 രൂപയും ഉൾപ്പടെ മാനസിക വെല്ലുവിളി നേരിടുന്ന ഒരു വിദ്യാർത്ഥിക്ക് വാർഷികമായി 28,500 രൂപ നൽകാവുന്നതാണ്. പ്രതിമാസ സ്കോളർഷിപ്പ് 1000 രൂപയും പ്രതിമാസ യാത്രാബത്ത 1000 രൂപ, വസ്ത്രങ്ങൾക്കുള്ള ബത്ത, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തയായ യഥാക്രമം 1500 രൂപ, 2000 രൂപ ഉല്ലാസ യാത്ര/പഠന ചെലവുകൾക്കുള്ള വാർഷിക ബത്തയായ 1,000 രൂപ എന്നിവയടക്കം 28,500 രൂപയാണ് മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ടത്.

ഓഡിറ്റ് വർഷം ആകെ 250000/- രൂപ മാത്രം അടങ്കലിലുൾപ്പെടുത്തിയതിനാൽ മാനസിക വെല്ലുവിളി നേരിടുന്ന 26 പേർക്കും ശാരീരിക വെല്ലുവിളി നേരിടുന്ന 8 പേർക്കും ഉൾപ്പെടെ 34 പേർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് ആനുപാതികമായി തുക വകയിരുത്തിയിട്ടില്ല എന്ന് കാണുന്നു. ഓഡിറ്റ് വർഷം മാനസിക വെല്ലുവിളികൾ നേരിടുന്ന 26 ഗുണഭോക്താക്കൾക്ക് പ്രതിമാസ സ്കോളർഷിപ്പ് തുകയായ 12,000/- രൂപ പോലും നൽകാൻ കഴിഞ്ഞിട്ടില്ല. ഒരു കുട്ടിക്ക് 6976/- രൂപ നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്. ലഭ്യമായ ജില്ലാ പഞ്ചായത്ത് വിഹിതം മുഴുവനും ചെലവഴിച്ചിട്ടുമില്ല. ഭിന്നശേഷി വിഭാഗക്കാർക്ക് അർഹമായ ധനസഹായം നൽകുന്നതിനാവശ്യമായ തുക വകയിരുത്തുന്നതിനും വകയിരുത്തിയ തുക മുഴുവൻ ചെലവഴിച്ച് മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും ഭരണസമതി ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കാതിരുന്നതിനുവിശദീകരണം

നൽകേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ക്രമ നം 2(i,ii, iii) പ്രകാരമുള്ള ചെലവുതുക, 1,29,730/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 85000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 85000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 170000 | പച്ചക്കറി കൃഷിക്ക് ചെലവ് സബ്സിഡി | 170000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 200000 | പാലിന് സബ്സിഡി | 200000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 200000 | കിണർ റീചാർജ് | - | 200000 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 62500 | ഭിന്നശേഷി സ്കോളർഷിപ്പ് | 62500 | - |
| ജില്ലാപഞ്ചായത്ത് | 2017-18 | 85000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 85000 | - |
| ജില്ലാപഞ്ചായത്ത് | 2017-18 | 300000 | ക്ഷീരഗ്രാമം | 300000 | - |
| ജില്ലാപഞ്ചായത്ത് | 2017-18 | 200000 | കിണർ റീചാർജ് | - | 200000 |
| ജില്ലാപഞ്ചായത്ത് | 2017-18 | 62500 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 31250 | - |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | | 200000 | | 194367 |

പ്രവൃത്തിയുടെ മൂല്യനിർണ്ണയ വിവരം ഹാജരാക്കേണ്ടതാണ്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ ഭവന പദ്ധതി | സ.ഉ(സാ)479/ 2010തസ്വഭവ തീ.11.02.2010 | 4300000 | 1125000 | 430000 | - | 695000 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

സ്ഥിരനിക്ഷേപത്തിന്റെ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നിക്ഷേപത്തിന്റെ വിശദവിവരങ്ങൾ ലഭ്യമല്ല. രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1988-99 | 22,23 | 2003-04 | 3-7(11) | കാലഹരണപ്പെട്ട നികുതികൾ | ലഭ്യമല്ല |
| 2000-01 | 23,24 | 2003-04 | 3-7(12) | കാലഹരണപ്പെട്ട നികുതികൾ | ലഭ്യമല്ല |
| 2001-02 | 2-1 | 2005-06 | 2-2(6) | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | ലഭ്യമല്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46167852.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49475726.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50470 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2433101 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | | 12970 | സി.ഭാസ്കരൻ ഹെഡ്മാസ്റ്റർ |
| 3-2(1) | | 37500 | വി.കെ. ഇബ്രായി കൃഷിഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(1) | 187500 | വി.കെ. ഇബ്രായി, കൃഷിഓഫീസർ |
| 3-2(2) | 340000 | വി.കെ. ഇബ്രായി, കൃഷിഓഫീസർ |
| 3-4 | 154690 | അനിൽകുമാർ. കെ, സെക്രട്ടറി |
| 3-5 | 1457136 | നിസാദ് പി.എം, വി.ഇ.ഒ. |
| 3-10 | 164045 | ഡോ. വിനോദ് കുമാർ. പി. വെറ്ററിനറി സർജൻ |
| 3-13 | 129730 | കൗസല്യ ബി.കെ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | 3-1 |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇബ്രായി. വി.കെ കൃഷിഓഫീസർ | കൃഷിഓഫീസർ തൂണേരിഗ്രാമപഞ്ചായത്ത് | കുമുള്ളമ്മൽ നടുക്കണ്ടം, പാതിരിപ്പറ്റ, കക്കട്ടിൽ – 673507 |
| ശ്രീ. സി. ഭാസ്കരൻ ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ തൂണേരിഗ്രാമപഞ്ചായത്ത് | അഭിനവം ചേലക്കാട് പി.ഒ കല്ലാച്ചി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽ.എഫ്.കെ.കെ.ഡി /എസ്3/1247/10തീ.13 /09/05 | 2 | 18,23 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി /എസ്3/701/03തീ.13/09/05 | 14 | 25,26,28(3),29,30,31,31 33,24,35,36,37,39,40 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി /പി5/23/13തീ.10/06/2013 | 12 | 7,8,910,11,12,21-1എ,ബി, 3-3,3-4,3-5(1) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി /പി5/23/13തീ.10/06/2013 | 4 | 2-1,3-2,3-3,3-4, |
| 2004-05 | എൽ.എഫ്.കെ.കെ.ഡി /പി5/23/13തീ.10/06/2013 | 11 | 1-5,3-3,3-4,3-5,3-6,3-7,3-8,3-9, 3-11,3-12,3-13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി /പി5/74/11തീ.15/05/11 | 12 | 2-1,2-2,2-3,3-1,3-2,3-3എ,3-4, 3-5ബി,3-6,3-7,3-8,3-9 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി /പി5/74/11തീ.15/05/11 | 11 | 2-1,2-4,2-5,2-6,3-1,3-3എ,ബി, 3-4,3-6,3-7,3-8 |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി /പി5/1625/11തീ.23 /08/2011 | | 1-2,2-1,2-2,2-3(1,2),2-4,2-6(2),2-7, 2-8,3-1എ,3-2ബി,സി,ഡി,ഇ,3-3എബിസി, 3-4,3(5,6,7,8,9,10,11,3-12(1,2,3,4,5,6), 3-13,4-3,4-5,4-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി /പി11/951/14തീ.10/10/14 | 2 | 3-6,3-12 |
| 2014-15 | എൽ.എഫ്.കെ.കെ.ഡി /പി17/1782/18തീ.6.10.17 | 14 | 2(1,2),3-1,4,5,6,7,8,10,17,18, 19,20,21 |
| 2016-17 | എൽ.എഫ്.കെ.കെ.ഡി /പി17/51/18തീ.16/03/18 | 19 | 2-1,3,4,5,6,3-1,3,4,5,6,7,8,9,10,11(3), 12,14,15,17,20 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-1**

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഢുണേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്